## പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 343 | 28.11.2018 ൽ മറുപടിയ്ക്ക് |
|---|---|
| **ലേഡീസ് ഹോസ്റ്റലുകൾ** | |
| ചോദ്യം | ഉത്തരം |
| **ശ്രീ. എൻ. ഷംസുദ്ദീൻ** | **ശ്രീമതി കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)** |
| (എ) വനിതാ വികസന കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്ത് എവിടെയെല്ലാമാണ് ലേഡീസ് ഹോസ്റ്റലുകൾ നടത്തിവരുന്നത്; വിശദാംശം നൽകുമോ; | (എ) വനിതാ വികസന കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനമൊട്ടാകെ എട്ട് വനിതാ ഹോസ്റ്റലുകൾ പ്രവർത്തിച്ചു വരുന്നു. ആയവയുടെ വിവരം ചുവടെ ചേർക്കുന്നു.<br>തിരുവനന്തപുരം - 2, എറണാകുളം - 1, മലപ്പുറം - 2, വയനാട് - 1, കണ്ണൂർ - 1, കോഴിക്കോട് - 1 |
| (ബി) പ്രസ്തുത ലേഡീസ് ഹോസ്റ്റലുകൾ പലസ്ഥലങ്ങളിലും നിർത്തലാക്കുവാനായി നടപടികൾ സ്വീകരിച്ചുവരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) വനിതാ വികസന കോർപ്പറേഷൻ ഹോസ്റ്റലുകൾ ഒന്നും തന്നെ സ്ഥിരമായി നിർത്തലാക്കിയിട്ടില്ല. എറണാകുളം ജില്ലയിലെ വനിതാ വികസന കോർപ്പറേഷന്റെ അധീനതയിലുള്ള കാക്കനാട് ഹോസ്റ്റൽ പുതുക്കി പണിത് മികച്ച സൗകര്യങ്ങൾ ഒരുക്കുന്നതിന് വേണ്ടി താല്ക്കാലികമായി നിർത്തലാക്കിയിട്ടുണ്ട്. |
| (സി) സംസ്ഥാനത്തെ എല്ലാ പ്രധാനപ്പെട്ട പട്ടണങ്ങളിലും ടി കോർപ്പറേഷന്റെ കീഴിൽ കൂടുതൽ വനിതാ ഹോസ്റ്റലുകൾ സ്ഥാപിക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ? | (സി) സർക്കാർ, അർദ്ധ സർക്കാർ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ എന്നിവയുടെ അധീനതയിലുള്ള കെട്ടിടങ്ങളോ, സ്ഥലമോ ലഭിക്കുന്നപക്ഷം കേരളത്തിലെ എല്ലാ ജില്ലകളിലും വനിതാ വികസന കോർപ്പറേഷൻ മുഖേന വനിതാ ഹോസ്റ്റലുകൾ ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ